പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2153 6/10/2016-ൽ മറുപടിക്ക്

## തസ്തികനിർണയം വഴി ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരെ നിലനിർത്തുന്നതിന് നടപടി

**ചോദ്യം**

ശ്രീ. എം.എം. മണി

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) 2015-16-ലെ തസ്തികനിർണയം വഴി നഷ്ടപ്പെട്ടതും എന്നാൽ 2016-17 ലെ തസ്തിക നിർണയം വഴി നിലനിർത്താവുന്നതുമായ തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ മറ്റു സ്കൂളുകളിലേക്ക് മാറ്റുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) ഇല്ല. തസ്തിക നഷ്ടമായ സംരക്ഷിത അദ്ധ്യാപകർക്ക് 2016-17 വർഷം അവരുടെ മാതൃ വിദ്യാലയത്തിൽ തസ്തിക ഉണ്ടാകുന്നുവെങ്കിൽ ഇതിനകം പുനർവിന്യസിക്കപ്പെട്ടവരെ തിരികെ വിളിച്ച് മാതൃവിദ്യാലയത്തിൽ നിലനിർത്താനും, പുനർവിന്യസിക്കാത്തവരെ അപ്രകാരം തന്നെ നിലനിർത്താനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ അതത് സ്കൂളുകളിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) തസ്തിക നഷ്ടമായ സംരക്ഷിതാദ്ധ്യാപകർക്ക് 2016-17 വർഷം അവരുടെ മാതൃവിദ്യാലയത്തിൽ തസ്തിക ലഭ്യമാകുന്നപക്ഷം പ്രസ്തുത അദ്ധ്യാപകരെ അതത് സ്കൂളുകളിൽ നിലനിർത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇതിനു കഴിയുന്നില്ല എങ്കിൽ ഈ സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?. | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ